തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2402**

## സാഹിത്യരചന

## നോവൽ

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. നോവലിന്റെ സാമൂഹിക പ്രതിഫലനവും ഇടപെടലുകളും സമഗ്രമായി പ്രതിപാദിക്കുക.

2. ആധുനികത എന്നു വിശേഷിപ്പിക്കപ്പെട്ട സാഹിത്യഭാവുകത്വത്തിന്റെ മുഖ്യസ്വഭാവങ്ങൾ വിവരിക്കുക.

3. ആദ്യകാലമലയാളനോവൽരചനയിലെ പൊതുസ്വഭാവം എന്താണെന്നു വ്യക്തമാക്കുക.

4. നോവലിലെ സംഭവവികാസങ്ങൾക്ക് കാലവും ഭൂമികയും എങ്ങനെ പ്രസക്തമായിത്തീരുന്നു. വിശദീകരിക്കുക.

5. നോവലിൽ പ്രതിപാദിക്കുന്ന മിത്തുകളുടെ പുനർവായന ആധുനിക സാമൂഹികക്രമവുമായി പൊരുത്തപ്പെടുന്നതാണോ? സ്വാഭിപ്രായം വ്യക്തമാക്കുക.

6. നോവൽ രചനയിൽ എഴുത്തുകാരൻ സ്വീകരിക്കുന്ന മിത്തുകൾ സമൂഹത്തിന്റെ ധാർമ്മികതയെയും രാഷ്ട്രീയത്തെയും എങ്ങനെ പ്രതിനിധാനം ചെയ്യുന്നു?

7. മിത്തിന്റെ പുനർനിർമാണം ‘ഫ്രാൻസിസ് ഇട്ടിക്കോര’ എന്ന നോവലിൽ ഏതെല്ലാം വിധത്തിൽ പ്രസക്തമാകുന്നു? നോവലിലെ സാംസ്കാരികപശ്ചാത്തലത്തെ മുൻനിർത്തി അപഗ്രഥിക്കുക.

8. നോവലുകൾ എങ്ങനെയാണ് കാലഘട്ടത്തെ അതിന്റെ സമ്പൂർണ്ണമായ സാങ്കേതിക,സാമൂഹിക, സാമ്പത്തികസാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്നത്?

9. പുതിയകാലത്തെ നോവൽഭാഷയുടെ സവിശേഷതകളെ സാമാന്യമായി അവതരിപ്പിക്കുക.

10. ഉത്തരാധുനിക നോവലുകളുടെ സവിശേഷതകൾ എന്തൊക്കെയാണ്? ക്രോഡീകരിക്കുക.

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. ബഹുസ്വരതയാണ് സമകാലമലയാളനോവലുകളുടെ സവിശേഷത. ചർച്ചചെയ്യുക.

12. ആധുനികതയിലെ ആൺ ബോധ്യങ്ങളാണ് ഖസാക്കിന്റെ ഇതിഹാസത്തെ നയിക്കുന്നത്. സ്വാഭിപ്രായം എഴുതുക.

13. മിത്തിനെ ഉപജീവിച്ച് എഴുതിയ ഏതെങ്കിലുമൊരു മലയാളനോവൽ പരിചയപ്പെടുത്തുക.

14. ഉത്തരാധുനിക സൗന്ദര്യസങ്കൽപ്പങ്ങൾ മലയാളനോവൽ ആഖ്യാനത്തിൽ വരുത്തിയ പരിവർത്തങ്ങൾ ചർച്ച ചെയ്യുക.

******